## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3674** — **15.05.2017-ൽ മറുപടിക്ക്**

### പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | മറുപടി<br>(ശ്രീ. ജി. സുധാകരൻ<br>പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ജീവനക്കാരുടെ എതിർപ്പിനെ തുടർന്ന് നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി ;വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ആയത് ഇപ്പോഴും തുടർന്നുവരികയാണ്. |
| (ബി) മിക്ക പൊതുമരാമത്ത് ഓഫീസുകളിലും ജനപ്രതിനിധികളും എം. എൽ.എ മാരുടെ പി. എ. മാരും വിവരങ്ങൾ അന്വേഷിച്ചെത്തുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കാണാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ പഞ്ചിംഗ് സമ്പ്രദായത്തിന് കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ ഓഫീസുകളിലും അടിയന്തരമായി പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മറ്റ് ആഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരും മറ്റ് ജീവനക്കാരും ഫീൽഡിൽ/ സൈറ്റിൽ പോകുമ്പോൾ ബന്ധപ്പെട്ട ഓഫീസിലെ മൂവ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്താൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ? | (സി) നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ